Kerala Kaumudi 24-10-18, P-05

# പൊന്നിൻ വിലയുള്ള 'ഹിമാലയൻ വയാഗ്ര' നാശത്തിൽ

വാഷിംഗ്ടൺ: ഹിമാലയൻമലനിരകളിൽ കാണുന്ന അപൂർവ ഔഷധ ഗുണങ്ങളുള്ള 'ഹിമാലയൻ വയാഗ്ര' എന്ന ഫംഗസ് വംശനാശ ഭീഷണിയിലാണെന്ന് നാഷണൽ അക്കാഡമി സയൻസിലെ ഗവേഷകർ കണ്ടെത്തി. യാർഷഗുംഭ എന്ന പേരിലും അറിയപ്പെടുന്ന ഈ ഫംഗസ് സമുദ്ര നിരപ്പിൽ നിന്നും 10,000 അടി ഉയരത്തിലാണ് വളരുന്നത്. ഒരു പ്രത്യേകതരം ശലഭത്തിന്റെ ലാർവയിലാണ് ഈ ഫംഗസ് വളരുക. ഒഫിയോകോർഡിസെപ്പ്സ് സിനെപ്പിസ് എന്നാണ് ശാസ്ത്രനാമം. ഒരു കിലോഗ്രാം ഹിമാലയൻ വയാഗ്രയ്ക്ക് 70 ലക്ഷത്തോളം രൂപ വിലവരും.

ശാസ്ത്രീയമായ അടിത്തറകളൊന്നുമില്ലെങ്കിലും ഈ ഫംഗസ് ചായയിലോ സൂപ്പിലോ ചേർത്ത് കഴിച്ചാൽ വലിയരീതിയിലുള്ള ലൈംഗിക ശേഷിയുണ്ടാകുമെന്നും കാൻസർ ഉൾപ്പടെയുള്ള രോഗങ്ങളെ പോലും പ്രതിരോധിക്കുമെന്നുമാണ് വിശ്വാസം. നേപ്പാൾ, ടിബറ്റ് എന്നിവിടങ്ങളിലെ ഹിമാലയൻ പർവത പ്രദേശങ്ങളിലാണ് ഇവ കാണപ്പെടുന്നത്. കാലാവസ്ഥാ വ്യതിയാനമാണ് ഈ ഫംഗസിന്റെ ഉത്പാദനത്തെ ബാധിക്കുന്ന പ്രധാന കാരണമെന്നാണ് ഇവർ കണ്ടെത്തിയത്. 0 ഡിഗ്രീ സെൽഷ്യസിൽ താഴെ താപനിലയുള്ള പ്രത്യേകതരം കാലാവസ്ഥയിൽ മാത്രമേ ഈ ഫംഗസ് വളരുകയുള്ളൂ. ഈ സ്ഥിതി തുടർന്നാൽ ഭാവിയിൽ ഈ ഫംഗസ് ഇല്ലാതാവുമെന്നും ഗവേഷകർ പറയുന്നു.



## കണ്ടെത്തിയത് ടിബറ്റിൽ

**പ**ർവത പ്രദേശങ്ങളിൽ നിന്ന് ഈ ഫംഗസ് കണ്ടെത്തി പണം സമ്പാദിക്കുന്ന നിരവധി പേരുണ്ട്. ശരാശരി 10 സെ.മീ. നീളം. കുരുകളഞ്ഞ കുരുമുളക് തിരിയുടെ രൂപം. മേയ്-ജൂലായ് കാലത്താണ് വിളവെടുപ്പ്.

**ഫം**ഗസിന്റെ ഔഷധഗുണം കണ്ടെത്തിയത് ടിബറ്റുകാരാണെന്ന് പറയപ്പെടുന്നു. ടിബറ്റൻ ലാമ നിമായ് ദോർജി (1439-1475) അതിന്റെ ഔഷധ ഗുണം രേഖപ്പെടുത്തി.